PSCNET.in

# 102/2018 - M

| ചോദ്യ പുസ്തക അക്ഷര കോഡ് | A | ചോദ്യ പുസ്തക ക്രമ നമ്പർ | 298161 |
|---|---|---|---|

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. A, B, C, D എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല, അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടു പിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും (A), (B), (C), (D) എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തിരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

PSCNET.in



1. മധ്യകാലത്ത് കേരളം ഭരിച്ചിരുന്ന പെരുമാക്കന്മാരുടെ തലസ്ഥാനം :
   (A) ഏഴിമല (B) പുറകിഴനാട്
   (C) മഹോദയപുരം (D) വള്ളുവനാട്

2. ആദ്യ വനിതാ ബഹിരാകാശ സഞ്ചാരി :
   (A) വാലന്റീന തെരഷ്കോവ (B) കല്പന ചൗള
   (C) സുനിത വില്ല്യംസ് (D) അന്ന ലീ ഫിഷെർ

3. ഇന്ത്യൻ തപാൽ സ്റ്റാമ്പിലൂടെ ആദ്യമായി രണ്ട് പ്രാവശ്യം ആദരിയ്ക്കപ്പെട്ട മലയാളി :
   (A) വി.കെ. കൃഷ്ണമേനോൻ (B) ശ്രീ നാരായണ ഗുരു
   (C) എ.കെ. ഗോപാലൻ (D) അക്കമ്മ ചെറിയാൻ

4. ഹ്യൂമൺ കമ്പ്യൂട്ടർ എന്നറിയപ്പെടുന്നത് ആരാണ് ?
   (A) ചാൾസ് ബാബേജ് (B) ശകുന്തള ദേവി
   (C) അലൻ ടൂറിംഗ് (D) ബിൽ ഗേറ്റ്സ്

5. 'മദർ ഇന്ത്യ' – എന്ന കൃതി രചിച്ചതാര് :
   (A) കാതറിൻ മേയോ (B) അരുന്ധതി റോയി
   (C) ആനി ബെസന്റ് (D) സരോജിനി നായിഡു

6. പൂർണ്ണമായും മലയാളത്തിൽ പ്രസിദ്ധീകരിച്ച ആദ്യ പുസ്തകം :
   (A) ഇന്ദുലേഖ (B) രാജ്യ സമാചാരം
   (C) ഓടക്കുഴൽ (D) സംക്ഷേപ വേദാർത്ഥം

7. പതിവ എന്നറിയപ്പെടുന്ന നാടോടി കലാകാരന്മാർക്കൊപ്പം ജീവിച്ച ചിത്രകലാകാരൻ :
   (A) എം.എഫ്. ഹുസൈൻ (B) നന്ദലാൽ ബോസ്
   (C) രാജ രവി വർമ്മ (D) ജാമിനി റോയ്

8. ഇന്ത്യയിലെ ഏറ്റവും വലിയ കാർഷികാധിഷ്ഠിത വ്യവസായമേത് ?
   (A) പഞ്ചസാര വ്യവസായം (B) ചണ വ്യവസായം
   (C) പരുത്തി തുണി വ്യവസായം (D) തേയില വ്യവസായം

PSCNET.in

9. കുണ്ടറ വിളംബരം നടന്ന വർഷം :
(A) 1741 (B) 1809 (C) 1721 (D) 1852

10. തെരഞ്ഞെടുപ്പുകളിൽ നോട്ട [NOTA] സമ്പ്രദായം ഇന്ത്യയിൽ ഏർപ്പെടുത്തിയ വർഷം :
(A) 2014 (B) 2012 (C) 2015 (D) 2013

11. കണ്ടൽ ച്ചെടികൾ വെച്ചു പിടിപ്പിക്കുന്നതിനും സംരക്ഷണം നല്കുന്നതിനും നേതൃത്വം കൊടുത്ത വ്യക്തി :
(A) N.R. നീലകണ്ഠൻ
(B) കല്ലേൻ പൊക്കുടൻ
(C) കിലേരി കുഞ്ഞിക്കണ്ണൻ
(D) മോയിൻകുട്ടി വൈദ്യർ

12. 1915-ൽ അയ്യങ്കാളിയുടെ നേതൃത്വത്തിൽ നടന്ന സമരം :
(A) ചാന്നാർ ലഹള
(B) കല്ലുമാല സമരം
(C) തോൽ വിറക് സമരം
(D) മുക്കുത്തി സമരം

13. 2018 ൽ പദ്മ ഭൂഷൺ ലഭിച്ച മലയാളി :
(A) ഇളയരാജ
(B) P. പരമേശ്വരൻ
(C) ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം
(D) ലക്ഷ്മിക്കുട്ടി

14. നേത്രാവതി നദിയുടെ തീരത്തുള്ള പട്ടണം :
(A) മംഗലാപുരം (B) ഗോവ (C) മൈസൂർ (D) പൂന

15. പഴയ കാലത്ത് ലക്ഷദ്വീപിൽ ഭരണം നടത്തിയിരുന്ന കേരളത്തിലെ രാജവംശം :
(A) ആയ് രാജവംശം
(B) കുലശേഖര സാമ്രാജ്യം
(C) കണ്ണൂരിലെ അറയ്ക്കൽ രാജകുടുംബം
(D) കൊച്ചി രാജക്കന്മാർ

16. കരപ്പുറം എന്ന് മുൻപ് അറിയപ്പെട്ടിരുന്ന സ്ഥലം :
(A) ആലപ്പുഴ (B) വൈക്കം (C) ചേർത്തല (D) കുമരകം

PSCNET.in

17. മലബാർ ബ്രിട്ടീഷുകാരുടെ അധീനതയിലാക്കിയത് :
(A) കുണ്ടറ വിളംബരം
(B) മലബാർ കലാപം
(C) കുളച്ചൽ യുദ്ധം
(D) ശ്രീരംഗപട്ടണം സന്ധി

18. വേലുതമ്പി ദളവ ആത്മഹത്യ ചെയ്ത മണ്ണടി അമ്പലം സ്ഥിതി ചെയ്യുന്ന ജില്ല :
(A) കൊല്ലം
(B) പത്തനംതിട്ട
(C) തിരുവനന്തപുരം
(D) ആലപ്പുഴ

19. സൗദി പൗരത്വം ലഭിച്ച റോബർട്ട് :
(A) സ്റ്റാനിയ
(B) സയാമിയ
(C) സോഫിയ
(D) സോണിയ

20. 'യോഗക്ഷേമ സഭ' – സ്ഥാപിച്ചതാര് ?
(A) V.T. ഭട്ടതിരിപ്പാട്
(B) പണ്ഡിത് K.P. കറുപ്പൻ
(C) കുമാര ഗുരുദേവൻ
(D) വൈകുണ്ഠ സ്വാമികൾ

21. ചേറ്റൂർ ശങ്കരൻ നായർ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായത് ഏത് സമ്മേളനത്തിൽ വെച്ചാണ് ?
(A) അമരാവതി
(B) ലാഹോർ
(C) ലക്നൗ
(D) കൊൽക്കത്ത

22. 1932-ൽ കേരളത്തിൽ നടന്ന പ്രധാന പ്രക്ഷോഭം :
(A) പുന്നപ്ര–വയലാർ സമരം
(B) വൈക്കം സത്യാഗ്രഹം
(C) വിമോചന സമരം
(D) നിവർത്തന പ്രക്ഷോഭം

23. 1989–മുതൽ ജൂലൈ 11– ലോക ജനസംഖ്യ ദിനമായി ആചരിക്കുന്നു. ഇതിന് കാരണമായ 1987–ജൂലൈ 11-ന്റെ പ്രാധാന്യം :
(A) ഇന്ത്യൻ ജനസംഖ്യ 100–കോടിയായി
(B) ലോകം ജനസംഖ്യ 500–കോടിയായി
(C) ചൈനയിലെ ജനസംഖ്യ 150–കോടിയായി
(D) ലോക ജനസംഖ്യ 600–കോടിയായി

24. വിദ്യാഭ്യാസ അവകാശ നിയമം നിലവിൽ വന്ന വർഷം :
(A) 2005
(B) 2011
(C) 2007
(D) 2009

PSCNET.in

25. നാഥുല ചുരം [Nathulla] ഏതൊക്കെ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു ?
(A) സിക്കിം – ടിബറ്റ്
(B) ശ്രീനഗർ – കാർഗിൽ
(C) ജമ്മു – ശ്രീനഗർ
(D) ഉത്തരാഖണ്ഡ് – ടിബറ്റ്

26. കബനി ഏത് നദിയുടെ പോഷകനദിയാണ് ?
(A) ഗോദാവരി
(B) കാവേരി
(C) നർമ്മദ
(D) കൃഷ്ണ

27. 2011-ലെ സെൻസസ് അനുസരിച്ച് ഏറ്റവും ഉയർന്ന ജനസാന്ദ്രതയുള്ള ഇന്ത്യൻ സംസ്ഥാനം :
(A) പശ്ചിമ ബംഗാൾ
(B) കേരളം
(C) പഞ്ചാബ്
(D) ബീഹാർ

28. ലോകബാങ്കും അന്താരാഷ്ട്ര നാണയ നിധിയും നിലവിൽ വന്നത് ഏത് സമ്മേളന തീരുമാന പ്രകാരമാണ് ?
(A) സാൻഫ്രാൻസിസ്കോ
(B) ഉറുഗ്വേ
(C) ബ്രട്ടൺ വുഡ്സ്
(D) ജനീവ

29. 1904 -ൽ SNDP -യുടെ ആദ്യവാർഷിക യോഗം നടന്നതെവിടെ ?
(A) ചെമ്പഴന്തി
(B) വർക്കല
(C) അരുവിപ്പുറം
(D) അമ്പലപ്പുഴ

30. വിരേശലിംഗം സ്ഥാപിച്ച പ്രസ്ഥാനമേത് ?
(A) പ്രാർത്ഥന സമാജം
(B) ഹിത കാരിണി സമാജം
(C) സത്യ ശോധക് സഭ
(D) ആര്യ സമാജം

31. "വരിക വരിക സഹജരെ
വലിയ സഹന സമരമായി" – എന്ന് തുടങ്ങുന്ന ദേശഭക്തിഗാനം എഴുതിയതാര് ?
(A) വയലാർ രാമവർമ്മ
(B) വള്ളത്തോൾ നാരായണ മേനോൻ
(C) അംശി നാരായണപിള്ള
(D) കേരള വർമ്മ വലിയകോയി തമ്പുരാൻ

32. B.C. 6-ാം നൂറ്റാണ്ടിൽ മഹാജന പഥങ്ങളിൽ ഏറ്റവും ശക്തമായിരുന്നത് :
(A) മഗധ
(B) ഗാന്ധാരം
(C) കാശി
(D) മല്ല



SEAL

PSCNET.in

33. ഇന്ത്യയിൽ ദേശീയ വരുമാനം കണക്കാക്കുന്നതിനുള്ള സർക്കാർ ഏജൻസി :
(A) റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ
(B) പ്ലാനിംഗ് കമ്മീഷൻ ഓഫ് ഇന്ത്യ
(C) നീതി അയോഗ്
(D) സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ

34. ഇന്ത്യൻ പുരാവസ്തു ശാസ്ത്രത്തിന്റെ പിതാവ് :
(A) അലക്സാണ്ടർ കണ്ണിംഗ്ഹാം
(B) ദയറാം സാഹ്നി
(C) ആർ.ഡി. ബാനർജി
(D) എൻ.ജി. മജുംദാർ

35. ശാക്യ മുനി എന്നറിയപ്പെട്ടിരുന്നത് :
(A) മഹാവീരൻ
(B) അശോകൻ
(C) ശ്രീബുദ്ധൻ
(D) ശിവജി

36. ഇന്ത്യൻ ഭരണഘടനയുടെ ഏത് ഭാഗത്താണ് മൗലീക കർത്തവ്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നത് ?
(A) IV - ാം ഭാഗത്ത്
(B) IV A - ഭാഗത്ത്
(C) III - ാം ഭാഗത്ത്
(D) III B - ഭാഗത്ത്

37. പത്മാവധി എന്ന കൃതിയുടെ കർത്താവ് :
(A) അമോഘ വർഷൻ
(B) തുളസിദാസ്
(C) കബീർ
(D) മാലിക് മുഹമ്മദ് ജയസിയ

38. ഏത് ജില്ലയിലെ തനതായ കലാരൂപമാണ് പൊറാട്ട് നാടകം :
(A) കാസറഗോഡ്
(B) വയനാട്
(C) കണ്ണൂർ
(D) പാലക്കാട്

39. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഗവർണ്ണർ ആര് ?
(A) ഊർജ്ജിത് പട്ടേൽ
(B) രാജീവ് കുമാർ
(C) അരുൺ ജെയ്റ്റ്ലി
(D) രഘു റാം രാജൻ

40. കേരളത്തിലെ വനം വകുപ്പ് മന്ത്രി :
(A) K. ബാലൻ
(B) K. രാജു
(C) P. തിലോത്തമൻ
(D) ജി. സുധാകരൻ

PSCNET.in

41. യു.ജി.സി. ചെയർമാൻ പദവിയിലെത്തിയ മലയാളി :
(A) V.N. രാജശേഖര പിള്ള
(B) കെ. രാധാകൃഷ്ണൻ
(C) M.G.S. നാരായണൻ
(D) രാജൻ ഗുരുക്കൾ

42. 1947 ഡിസംബർ 4-ന് പാലിയം സത്യാഗ്രഹം ഉദ്ഘാടനം ചെയ്തത് ആരാണ് ?
(A) എ.ജി. വേലായുധൻ
(B) ചിറക്കൽ കോവിലകത്തെ രമ തമ്പുരാട്ടി
(C) കൊച്ചി രാജാവ്
(D) സി. കേശവൻ

43. "അമേരിക്കൻ മോഡൽ അറബിക്കടലിൽ" – ഏത് സമരവുമായി ബന്ധപ്പെട്ട മുദ്രവാക്യമാണ് ?
(A) ക്വിറ്റ് ഇന്ത്യ സമരം
(B) ഗോവ വിമോചന സമരം
(C) പുന്നപ്ര–വയലാർ സമരം
(D) നിസ്സഹരണ പ്രസ്ഥാനം

44. ഉദയം പേരൂർ സുന്നഹദോസ് നടന്ന വർഷം :
(A) 1599
(B) 1653
(C) 1605
(D) 1753

45. പഞ്ചമഹാതടാകങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂഖണ്ഡം :
(A) തെക്കേ അമേരിക്ക
(B) ആഫ്രിക്ക
(C) ആസ്ട്രേലിയ
(D) വടക്കേ അമേരിക്ക

46. പരിസ്ഥിതി സൗഹാർദ്ദപരമായ വാഹനങ്ങളുടെ നിർമ്മാണവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് 2015 ഏപ്രിൽ 1-ന് കേന്ദ്ര ഗവ ആരംഭിച്ച പരിപാടി :
(A) സ്റ്റാർട്ട് അപ്പ് ഇന്ത്യ
(B) ഫെയിം ഇന്ത്യ
(C) ഡിജിറ്റൽ ഇന്ത്യ പദ്ധതി
(D) പ്രധാനമന്ത്രി സുരക്ഷ ബീമ യോജന

47. ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ ജന്മദിനമായ ഒക്ടോബർ 15 – ഐക്യരാഷ്ട്രസംഘടന എന്തായി ആചരിക്കുന്നു ?
(A) ലോക വിദ്യാർത്ഥി ദിനം
(B) ലോക യുവജന ദിനം
(C) ലോക ശാസ്ത്ര ദിനം
(D) ലോക അധ്യാപക ദിനം

PSCNET.in

48. 'സാരേ ജഹാംസെ അച്ഛാ' – എന്ന് തുടങ്ങുന്ന ദേശഭക്തി ഗാനം ഏത് ഭാഷയിലുള്ളതാണ് ?

(A) ബംഗാളി (B) ഹിന്ദി (C) ഉറുദു (D) മറാത്തി

49. ടെന്നീസ് കോർട്ട് പ്രതിജ്ഞ ഏത് വിപ്ലവുമായി ബന്ധപ്പെട്ടിരിക്കുന്നു ?

(A) ഇംഗ്ലണ്ടിലെ മഹത്തായ വിപ്ലവം (B) ഫ്രഞ്ച് വിപ്ലവം

(C) റഷ്യൻ വിപ്ലവം (D) ചൈനീസ് വിപ്ലവം

50. യെമനിലെ ഇന്ത്യക്കാരെ രക്ഷിക്കാൻ ഇന്ത്യൻ സേന നടത്തിയ ദൗത്യം ഏത് പേരിലറിയപ്പെടുന്നു ?

(A) ഓപ്പറേഷൻ റാഹത്ത് (B) ഓപ്പറേഷൻ റെഡ് റോസ്

(C) ഓപ്പറേഷൻ സീവേഴ്സ് (D) ഓപ്പറേഷൻ സുക്കൂൺ

51. 66-ാമത് ദേശീയ സീനിയർ വോളിബോൾ പുരുഷ വിഭാഗം ജേതാക്കൾ :

(A) റെയിൽവേസ് (B) പഞ്ചാബ്

(C) തമിഴ്നാട് (D) കേരളം

52. കോഴിക്കോട് തത്വ പ്രകാശിക ആശ്രമം ആരംഭിച്ചതാര് ?

(A) ബ്രഹ്മാനന്ദ (B) വാഗ്ഭടാനന്ദൻ

(C) V.T. ഭട്ടതിരിപ്പാട് (D) കെ.പി. കറുപ്പൻ

53. 2017-ലെ മികച്ച ചലചിത്രത്തിനുള്ള സംസ്ഥാന പുരസ്ക്കാരം നേടിയ ചിത്രം :

(A) ആളൊരുക്കം (B) ഒറ്റമുറി വെളിച്ചം

(C) ഏദൻ (D) ടേക്ക് ഓഫ്

54. 'ബിഗ് ബെൻ' ക്ലോക്ക് ഏത് നഗരത്തിലാണ് ?

(A) ന്യൂയോർക്ക് (B) പാരിസ്

(C) ലണ്ടൻ (D) വാഷിംഗ്ടൺ

PSCNET.in

55. സ്വദേശിഭിമാനി പത്രം 1905 ജനുവരി 11-ന് ആരംഭിച്ചതാര് ?

(A) വക്കം അബ്ദുൾ ഖാദർ മൗലവി
(B) P. രാജഗോപാലാചാരി
(C) A.K. ഗോപാലൻ
(D) C.F. ആൻഡ്രൂസ്

56. സ്വർണ്ണ ജയന്തി സ്വരോസ്ഗാർ യോജനയുടെ പുതിയ രൂപം.

(A) ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്പ്മെന്റ് സെർവ്വീസ് (ICDS)
(B) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NHRM)
(C) ഇന്ദിര ആവാസ് യോജന (IAY)
(D) നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ (NRLM)

57. സർക്കാർ വകുപ്പുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾക്ക് സമയപരിധി ഉറപ്പാക്കുന്ന നിയമം :

(A) ഈ ഗവേണൻസ്
(B) വിവര അവകാശ നിയമം
(C) സേവന അവകാശ നിയമം
(D) ഓംബുഡ്സ്മാൻ

58. ഇന്ത്യയിലെ സ്വകാര്യമേഖലയിലെ ഏറ്റവും വലിയ ഇരുമ്പ് ഉരുക്കു ശാല സ്ഥിതി ചെയ്യുന്നതെവിടെയാണ് ?

(A) ഹിരാപ്പൂർ
(B) ബൊക്കാറൊ
(C) ജംഷഡ്പുർ
(D) ഭദ്രാവതി

59. വൈ.എം.സി.എ. – എന്നതിൽ 'സി' - എന്തിനെ കാണിക്കുന്നു ?

(A) കോൺഗ്രസ്
(B) ക്രിസ്ത്യൻ
(C) കോൺഫറൻസ്
(D) കമ്മിറ്റി

60. ഇന്ത്യൻ ഭരണഘടനയുടെ ബ്ലൂപ്രിന്റ് എന്നറിയപ്പെടുന്നത് ?

(A) മിന്റോ മോർളി റിഫോംസ് – 1909
(B) റഗുലേറ്റിംഗ് ആക്ട് – 1773
(C) മൊണ്ടേഗു - ചെംസ്ഫോർഡ് റിഫോംസ് – 1919
(D) ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് – 1935

PSCNET.in

61. He died _________ cholera.
(A) of (B) at (C) by (D) with

62. She is comparatively _________ than him.
(A) better (B) best (C) good (D) none

63. Opposite of 'Accidental'.
(A) Deliberately (B) Intentional (C) Knowingly (D) Unaccidental

64. A poem lamenting the dead is _________.
(A) Eulogy (B) Sonnet (C) Obituary (D) Elegy

65. Neither of us _________ to be told what to do.
(A) likes (B) like (C) liked (D) are like

66. The pen name of Samuel Lagen Clemens.
(A) Mark Twain (B) Boss (C) Voltaire (D) Tom Brown

67. Author of the Book "The Count of Monte Christo".
(A) Boris Pasternayak (B) Gunnar Mirdal
(C) Alexander Dumas (D) Arthur Conan Doyle

68. One who always thinks himself to be ill.
(A) Somnabulist (B) Pluviophile (C) Misopogonist (D) Valetudinarian

69. The forest is infested _________ tigers.
(A) on (B) of (C) by (D) with

70. They were generous to everyone. 'generous' is _________.
(A) Verb (B) Adjective (C) Noun (D) Adverb

PSCNET.in

71. The meaning of 'Renaissance'.
(A) Rebirth (B) Reunion (C) Recollect (D) Restart

72. Which is the feminine gender ?
(A) Bullock (B) Lion (C) Mare (D) Horse

73. Plural of goose.
(A) goose (B) geese (C) gooses (D) geeses

74. I would rather ________ than beg.
(A) starve to (B) to starve (C) starved (D) starve

75. I am a fisherman, ________.
(A) amn't I (B) am I (C) aren't I (D) are I

76. How is the word pronounce ?
(A) Extensiveness (B) Extenseveness (C) Extensieveness (D) Extenseiveness

77. I ________ the station when my friend arrived.
(A) am left (B) left (C) have left (D) had left

78. "Masterpiece" means.
(A) greatest (B) biggest (C) longest (D) shortest

79. Which is the predeterminer in this sentence ?
"He is a hardworker in all the time".
(A) a (B) all (C) the (D) in

80. "The ballet is stronger than bullet" - Whose words ?
(A) Abdul Kalam (B) Lenin
(C) Abraham Lincoln (D) Jawaharlal Nehru

PSCNET.in

81. രണ്ടുപേരുടെ ഇപ്പോഴത്തെ വയസ്സുകളുടെ തുക 'a' ആകുന്നു. 'b' വർഷം കഴിയുമ്പോൾ അവരുടെ വയസ്സുകളുടെ തുക എത്ര ?
(A) $a+b$ (B) $a+2b$ (C) $2ab$ (D) $ab$

82. $\Delta ABC$ -യിൽ $\angle A=35°$, $\angle C=85°$ ആയാൽ താഴെ തന്നിട്ടുള്ളവയിൽ ശരിയായത് ഏത് ?
(A) $AB < BC < AC$ (B) $AC < AB < BC$ (C) $BC < AC < AB$ (D) $AB < AC < BC$

83. $5\times7\times5\times3\times2\times2\times k$ ഒരു പൂർണ വർഗമായാൽ k -യുടെ ഏറ്റവും ചെറിയ എണ്ണൽ സംഖ്യ വിലയേത് ?
(A) 7 (B) 3 (C) 14 (D) 21

84. 1996 ഒരു അധിവർഷം ആയിരുന്നു. അതിനുശേഷം തൊട്ടടുത്ത അധിവർഷം ഏതായിരുന്നു ?
(A) 2004 (B) 2000 (C) 1998 (D) 2008

85. (5, −3), (−2, −3) എന്നീ ബിന്ദുക്കൾ നിർണയിക്കുന്ന വരയിലെ ബിന്ദു ആകാവുന്നത് ഏത് ?
(A) (−3, −3) (B) (−3, 5) (C) (0, 5) (D) (1, −2)

86. ഒരു സമചതുരത്തിന്റെ വശങ്ങൾ 2 മടങ്ങായി വർദ്ധിച്ചാൽ അതിന്റെ പരപ്പളവ് എത്ര മടങ്ങ് വർദ്ധിക്കും ?
(A) 1 (B) 2 (C) 4 (D) 8

87. തന്നിട്ടുള്ളവയിൽ അനുപാതത്തിലുള്ള സംഖ്യകൾ ഏത് ?
(A) (1, 2, 3, 4) (B) $\left(1, \frac{1}{2}, \frac{1}{4}, \frac{1}{3}\right)$ (C) (3, 9, 9, 3) (D) (2, 6, 6, 18)

88. ഒരു വൃത്തത്തിന്റെ ചുറ്റളവ് $3\pi$ സെ.മീ. ആയാൽ അതിന്റെ പരപ്പളവ് എത്ര ?
(A) $3\pi$ ച.സെ.മീ. (B) $2\frac{1}{4}\pi$ ച.സെ.മീ.
(C) $2\frac{1}{2}\pi$ ച.സെ.മീ. (D) $2\frac{1}{4}$ ച.സെ.മീ.

89. ഒരു സംഖ്യ 50% വർദ്ധിച്ചശേഷം 50% കുറഞ്ഞാൽ സംഖ്യയിൽ വരുന്ന മാറ്റം എത്ര ?
(A) 1% കുറയും (B) 1% കൂടും (C) 25% കുറയും (D) 25% കൂടും

90. തന്നിട്ടുള്ളവയിൽ ഏറ്റവും വലുത് ഏത് ?
(A) $\frac{7}{10}$ (B) $\frac{4}{5}$ (C) $\frac{5}{8}$ (D) $\frac{3}{4}$

91. അരുണക്ക് ക്ലാസ്സിൽ 12-ാം റാങ്ക് ഉണ്ട്. ക്ലാസ്സിൽ 46 കുട്ടികളുണ്ട്. അവസാന സ്ഥാനത്തു നിന്ന് നോക്കിയാൽ അരുണക്ക് എത്രാമത്തെ റാങ്കാണ്.
(A) 33 (B) 34 (C) 35 (D) 37

PSCNET.in

92. $\frac{x}{21} \times \frac{x}{189} = 1$ ആയാൽ $x$ എത്ര ?

(A) 21 (B) 63 (C) 3969 (D) 14

93. ചതുരം, സമചതുരം, വൃത്തം, സാമാന്തരികം എന്നീ രൂപങ്ങൾക്ക് ഒരേ ചുറ്റളവെങ്കിൽ ഏതിനാണ് കൂടുതൽ പരപ്പളവ് ?

(A) വൃത്തം (B) ചതുരം (C) സമചതുരം (D) സാമാന്തരികം

94. രണ്ടു സംഖ്യകൾ 1 : 2 എന്ന അംശബന്ധത്തിലാണ്. ഈ രണ്ടു സംഖ്യകളോടും 7 കൂട്ടിയാൽ അംശബന്ധം 3 : 5 ആകുമെങ്കിൽ, അതിൽ വലിയ സംഖ്യയേത് ?

(A) 14 (B) 42 (C) 36 (D) 28

95. 250 മീറ്റർ നീളമുള്ള ഒരു തീവണ്ടി 12 സെക്കണ്ടിൽ ഒരു മരത്തെ കടന്നുപോകുന്നുവെങ്കിൽ തീവണ്ടിയുടെ വേഗത എത്ര ?

(A) 25 km/hr (B) 68 km/hr (C) 72 km/hr (D) 75 km/hr

96. 30 കുട്ടികളുടെ വയസ്സുകളുടെ ശരാശരി 10 ആണ്. അവരുടെ ക്ലാസ്സ് ടീച്ചറുടെ വയസ്സ് കൂടി കൂട്ടിയപ്പോൾ ശരാശരി വയസ്സ് 11 ആയി. എങ്കിൽ ടീച്ചറുടെ വയസ്സ് എത്ര ?

(A) 41 (B) 40 (C) 38 (D) 30

97. തറയിൽ ലംബമായി നിൽക്കുന്ന രണ്ടു തൂണുകളിൽ ഒന്നിന്റെ അഗ്രം മറ്റേതിനേക്കാൾ ഉയർന്നാണ് നിൽക്കുന്നത്. അവയുടെ അഗ്രങ്ങൾ തമ്മിൽ 10 മീറ്ററും ചുവടുകൾ തമ്മിൽ 8 മീറ്ററും അകലമുണ്ട്. എങ്കിൽ തൂണുകളുടെ ഉയരത്തിലുള്ള വ്യത്യാസം എന്ത് ?

(A) 2 (B) 6 (C) 18 (D) ഇതൊന്നുമല്ല

98. ദീപു ഒരു ജോലി 20 ദിവസം കൊണ്ടും, അലൻ അതേ ജോലി 60 ദിവസം കൊണ്ടും ചെയ്തു തീർക്കും. രണ്ടു പേരും ചേർന്ന് ഒരുമിച്ച് ആ ജോലി ചെയ്താൽ എത്ര ദിവസം കൊണ്ട് ജോലി അവസാനിക്കും ?

(A) 40 (B) 12 (C) 15 (D) 10

99. $2^{60}$ -ന്റെ പകുതി എത്ര ?

(A) $2^{59}$ (B) $2^{30}$ (C) $1^{60}$ (D) $1^{59}$

100. ഒരു ഘടികാരം ദിവസത്തിൽ 40 മിനുട്ട് കൂടുതൽ ഓടുന്നു. രാവിലെ 6 മണിക്ക് സമയം ശരിയാക്കി വെച്ചു പിറ്റേന്ന് രാത്രി ആ ഘടികാരം 7 മണി എന്ന് അറിയിക്കുമ്പോൾ കൃത്യസമയം എത്രയായിരിക്കും ?

(A) $6\frac{1}{2}$ പി.എം. (B) 6.20 പി.എം. (C) 6.40 പി.എം. (D) 6 പി.എം.

-oOo-